**Personnel Certification Body (PrCB)**

Voluntary Certification Scheme for Traditional Community Healthcare Providers (VCSTCHP)

The University of Trans-Disciplinary Health Sciences and Technology (TDU)

## ലഘുപത്രിക

VCSTCHP - എന്ന ദേശീയ പദ്ധതി, പരമ്പരാഗത ആരോഗ്യ ശുശ്രൂഷകർക്കുള്ള തൊഴിലധിഷ്ഠിത വികസനത്തിനായി FRLHT, Bengaluru (ഫൌണ്ടേഷൻ ഫോർ റീവൈറ്റലൈസേഷൻ ഓഫ് ലോക്കൽ ഹെൽത്ത് ട്രഡിഷൻ, ബംഗലൂരു) ഉം QCI, New Delhi (ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ, ന്യൂ ഡൽഹി) യും ചേർന്ന് ISO 17024 പ്രകാരമുള്ള അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചു നടപ്പിലാക്കിയിട്ടുള്ളതാണ്.

**Traditional community Healthcare Provider (TCHP),** എന്ന പരമ്പരാഗത സാമൂഹ്യ ആരോഗ്യ ശുശ്രൂഷകർ ഭാരതത്തിൽ, പ്രത്യേകമായും ഗ്രാമപ്രദേശങ്ങളിൽ ആവശ്യമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. അവർ, ആയുഷ് (ആയുർവേദ, യോഗ, യൂനാനി സിദ്ധ) വൈദ്യ സമൂഹത്തിൽ പ്രത്യേക വൈദ്യ സേവന വിഭാഗമായി നിലകൊള്ളുന്നു. സാധാരണ രോഗങ്ങളായ പനി, ചുമ മുതൽ മഞ്ഞപിത്തം, വിഷബാധ, ത്വക്ക് രോഗങ്ങൾ, അസ്ഥി സംബന്ധമായ പൊട്ടൽ - സ്ഥാനഭ്രംശം, പ്രസവം - പ്രസവാനന്തര ശുശ്രൂഷകൾ, ശിശുരോഗങ്ങൾ തുടങ്ങിയ അവസ്ഥകൾ ഇവർ കൈകാര്യം ചെയ്തുവരുന്നു. ഇടത്തരം - താഴ്ന്ന സാമ്പത്തിക സ്ഥിതിയിലുള്ള ജനതയ്ക്ക് ഇവർ സാമൂഹിക നിയമസാധുതയോടെ തങ്ങളുടെ സേവനങ്ങൾ നൽകിവരുന്നു. ദേശീയ ഭാരതീയ ചികിത്സാ പദ്ധതി പ്രസ്താവന 2002 (National ISM Statement Policy 2002), ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യ പ്രസ്താവന (National Rural Health Mission 2005), പഞ്ചവത്സര പദ്ധതി രേഖകൾ 2007-2012 (Five year Plan 2007-2012) ദേശീയ ആരോഗ്യ നയം 2017 (National Health Policy 2017) ഇൽ, ഈ വിഭാഗത്തിന്റെ (പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകർ - **TCHP**) പ്രസക്തിയും നിലനിൽപ്പും ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുണ്ട്.

ആയുഷ് ചികിത്സാ വിഭാഗത്തിലുള്ള പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകരുടെ നിലനിൽപ്പിനും വികസനത്തിനും വേണ്ടി, ദേശീയ -

സംസ്ഥാന തലത്തിൽ പല പദ്ധതികൾ രൂപകൽപ്പന ചെയ്തു നടപ്പിലാക്കുവാനായി സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അവഗണന മൂലം ഈ വിഭാഗത്തിന്റെ തുടർന്നുള്ള വളർച്ച തടസ്സപ്പെടുകയും, തുടർന്നും സാമൂഹിക ആരോഗ്യ മേഖലയിൽ മാനവ ശേഷിയുടെ അപര്യാപ്തത കണക്കിലാക്കി പൊതു ആരോഗ്യ-തൊഴിൽ വിദഗ്ധർ ഈ വിഭാഗത്തിന്റെ സുസ്ഥിരതക്ക് വേണ്ടി തൊഴിലധിഷ്ഠിത പ്രമാണ പത്ര വിതരണ പദ്ധതിയിലൂടെ (VCSTCHP) സാക്ഷ്യപെടുത്തണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽസൂചിപ്പിച്ചതിനായി സാക്ഷ്യപ്പെടുത്തൽ പ്രക്രിയ വിഭാഗമായി (Personal Certification Body) QCI ചുമതലപ്പെടുത്തിയ സ്ഥാപനമാണ് ട്രാൻസ് ഡിസിപ്ലിനറി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് ടെക്നോളജീസ് **Trans Disciplinary University of Health Sciences and Technology (TDU)**. QCI യും FRLHT യും വിഭാവനം ചെയ്ത VCSTCHP പദ്ധതി പ്രകാരം പ്രമാണ സാക്ഷ്യപത്രം നേടുവാൻ താല്പര്യമുള്ള യോഗ്യരായ പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകരുടെ അപേക്ഷകൾ സ്വീകരിക്കുകയും, പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകരുടെ സേവനം ആവശ്യമായ തിരഞ്ഞെടുത്ത രോഗങ്ങൾ/അവസ്ഥകൾ (സാധാരണ രോഗങ്ങൾ, മഞ്ഞപിത്തം, വാത രോഗങ്ങൾ, വിഷദംശനം, പരമ്പരാഗത പ്രസവ ശുശ്രൂഷ & പരമ്പരാഗത അസ്ഥി ക്രമം) എന്നിവയ്ക്ക് യോഗ്യരായ പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകർക്ക്, തൊഴിലധിഷ്ഠിത പ്രമാണ സാക്ഷ്യപത്രം നൽകുന്നത് മേൽ സൂചിപ്പിച്ച സർട്ടിഫിക്കേഷൻ ബോഡി ആണ്.

## പദ്ധതിയുടെ പ്രധാന സവിശേഷതകൾ

### ഉദ്ദേശലക്ഷ്യങ്ങൾ

തൽപരരായ പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകരുടെ (TCHP) അറിവിനും കഴിവിനും മൂന്നാം കക്ഷിയിലൂടെ മൂല്യനിർണ്ണയം നടത്തി,

യോഗ്യരായവർക്ക് സാക്ഷ്യ പ്രമാണപത്രം നേടുന്നതിനുള്ള അവസരം സൃഷ്ടിക്കുക.

**യോഗ്യത**

താഴെ വിവരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകൻ(ൻ) പ്രസ്തുത മാതൃകയിൽ അപേക്ഷ നൽകാവുന്നതാണ്.

1. പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകൻ(ൻ) തങ്ങളുടെ സേവനം തിരഞ്ഞെടുത്ത രോഗങ്ങൾ / അവസ്ഥകൾ (**സാധാരണ രോഗങ്ങൾ, മഞ്ഞപിത്തം, വാത രോഗങ്ങൾ, വിഷദംശനം, പരമ്പരാഗത പ്രസവ ശുശ്രൂഷ & പരമ്പരാഗത അസ്ഥി ക്രമം**) ലഭ്യമാകുന്ന ഗ്രാമപഞ്ചായത്ത് , നഗരസഭാ എന്നിവയിൽ ഏതങ്കിലും കാര്യാലയത്തിലുള്ള ഗസറ്റ് റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തുന്ന പത്രം (നിർദിഷ്ട അപേക്ഷയിൽ ഉൾപ്പെടുത്തിയ മാതൃകയിൽ) ഉൾപെടുത്തുക.
2. **പ്രായം:** കുറഞ്ഞ പ്രായം 28 വയസ്സ്
3. **തൊഴിൽ പരിചയം**: കുറഞ്ഞത് 10 വർഷം
4. **മൂല്യനിർണ്ണയ ഭാഷ** : സംസ്ഥാന പ്രാദേശിക ഭാഷാ
5. **പരീക്ഷാർത്ഥി അടയ്ക്കേണ്ട ഫീസ്** (ജി.എസ്.ടി സഹിതം)

- **ഒരു വിഭാഗം - 11,500 രൂപ**
- **രണ്ട് വിഭാഗങ്ങൾ - 15,000 രൂപ**
- **മൂന്ന് വിഭാഗങ്ങൾ - 16,500 രൂപ**
- **നാല് വിഭാഗങ്ങൾ - 17,500 രൂപ**
- **അഞ്ച് വിഭാഗങ്ങൾ - 18,500 രൂപ**

ഒരു പരീക്ഷാർത്ഥിക്ക് പരമാവധി 5 വിഭാഗങ്ങളിൽ അപേക്ഷിക്കാവുന്നതാണ്. പണം ഡിമാൻഡ് ഡ്രാഫ്റ്റ് ആയി അടയ്ക്കുക. UTDHST എന്ന പേരിൽ ബംഗളുരുവിലുള്ള ബാങ്കുകളിൽ കമൈാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് എടുക്കുക. ഒരിക്കൽ അടച്ച പണം തിരിച്ചു ലഭിക്കുന്നതല്ല.

6. **ഭൂമിശാസ്ത്രപരമായ പരിധി:** ഇന്ത്യ മഹാരാജ്യത്തിൽ ഉൾപ്പെട്ട എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും.
7. ഒരു ബാച്ചിൽ ഉൾപെടുത്താവുന്ന ഏറ്റവും കുറഞ്ഞ പരീക്ഷാർത്ഥികളുടെ എണ്ണം : 10

**മൂല്യനിർണ്ണയം നടത്തുന്ന രീതി, ദൈർഘ്യം, വിലയിരുത്തൽ**

വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ ലഭിച്ച ശേഷം അതത് പരീക്ഷാർത്ഥികളെ രേഖാമൂലം അറിയിക്കുകയും. തുടർന്ന് അതാത് വിഭാഗത്തിൽ ചികിത്സാ വിദഗ്ദ്ധരായ രണ്ട് മൂല്യനിർണ്ണയ അവലോകന സമിതി അംഗങ്ങളായ പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷക(ന്റെ) യും ഒരു ആയുഷ് ചികിത്സാവിഭാഗം ഡോക്ടർ & സാമൂഹ്യ ആരോഗ്യ വിദഗ്ധന്റെ സാന്നിധ്യത്തിൽ വാചാ പരീക്ഷ നടത്തുന്നതായിരിക്കും.

**പരീക്ഷാർത്ഥിയുടെ പ്രമാണസാക്ഷ്യപത്രം തയ്യാറാക്കുന്ന നടപടികൾ (മൂല്യനിർണ്ണയം, ചികിത്സാ പാടവം വിലയിരുത്തൽ) താഴെ പറയുന്ന കാര്യങ്ങൾ അടിസ്ഥാനമായിരിക്കും.**

- ബഹു ഉത്തരസൂചിക ചോദ്യങ്ങൾക്ക് വാക്കാൽ ഉത്തരം (വാചാ പരീക്ഷാ) നൽകുന്നതിലൂടെ അറിവ് വിലയിരുത്തൽ ~ 30 മിനിറ്റ് ~ 10%
- ചികിത്സാ അനുഭവം വിവരിക്കൽ ~ 30 മിനിറ്റ് ~ 10%
- ചികിത്സാ അനുഭവം വിവരിച്ചതിൽ നിന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകൽ ~ 30 മിനിറ്റ് ~ 10%
- പ്രായോഗിക പരിജ്ഞാനം (പച്ച മരുന്ന് & ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ, ഔഷധ നിർമ്മാണം, പ്രയോഗം & സംസ്കരണം എന്നിവയിലുള്ള അറിവ് വിലയിരുത്തൽ) ~ 30 മിനിറ്റ് ~ 30%
- പരമ്പരാഗത വൈദ്യശുശ്രൂഷക(ന്റെ) ചികിത്സാകേന്ദ്രം സന്ദർശിച്ച് വിലയിരുത്തൽ ~ 60 മിനിറ്റ് ~ 40%

മേൽ സൂചിപ്പിച്ച പ്രകാരം, **മൂല്യനിർണ്ണയം നടത്തിയതിൽ നിന്നും 70% എങ്കിലും അപേക്ഷിച്ച വിഭാഗങ്ങളിൽ** കഴിവ് തെളിയിക്കുന്ന പരമ്പരാഗത സാമൂഹിക ആരോഗ്യ ശുശ്രൂഷകൻ പ്രമാണസാക്ഷ്യപത്രത്തിന് അർഹത കൈവരിക്കുന്നതായിരിക്കും.

## മൂല്യനിർണ്ണയ സമിതി

മൂല്യനിർണ്ണയ സമിതിയിൽ 38 വയസ്സിന് മുകളിൽ പ്രായവും 20 വർഷത്തിൽ അധികം പ്രവർത്തി പരിചയമുള്ള രണ്ട് പരമ്പരാഗത വൈദ്യശുശ്രൂഷകർ മൂല്യനിർണ്ണയം നടത്തുകയും, ഒരു ആയുർവേദ, സിദ്ധ യൂനാനി ഡോക്ടർ അല്ലെങ്കിൽ സാമൂഹ്യ ആരോഗ്യ വിദഗ്ധൻ നിരീക്ഷകനായുണ്ടാവും.

പ്രമാണസാക്ഷ്യപത്രം ലഭിച്ചതും -റദ്ധാക്കിയതും - പിൻവലിച്ചതുമായ പരമ്പരാഗത വൈദ്യശുശ്രൂഷകരുടെ പേരും മറ്റു വിവരങ്ങളും QCI & TDU വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

**<u>For more Details contact:</u>**

**Dr. Leena Chandra Wadia,**
Dean, Education and Outreach
Chairperson, Managing Committee,
Member, Complaints Sub-Committee

**Dr. B N Prakash,**
Head, TDU Personnel Certification Body
Email: bn.prakash@tdu.edu.in
https://www.tdu.edu.in/tdu-vcstchp

**Shri. Suresh Hegde**
Joint Registrar, Finance, Accounts and Administration and
Member, Appeals Sub-Committee

**Mrs. Srividya Venkatesh,**
Member, Managing Committee and
Member, Complaints Sub-Committee

**Dr. Girish Kumar**
Member, Managing Committee and
Member, Appeals Sub-Committee

**Prof. G Hariramamurthi**
Member, Managing Committee

**Mr. Ravi Kumar**
Member, Managing Committee

Address: - The University of Trans-disciplinary Health Sciences and Technology, #74/2, Jarakabande /Kaval, Attur Post, Via Yelahanka, Bengaluru-560064.Ph: + 91-80-2856 8000, Extension: 107/129